വിധിന്യായപ്രകാരം പുഴ-കായൽ പുറംപോക്കുഭൂമി എന്നിവ പതിവായോ പാട്ടമായോ നൽകരുതെന്ന് ഉത്തരവായിട്ടുണ്ട്. ആയതിനാൽ പുഴ പുറംപോക്കുഭൂമി കൈവശക്കാർക്ക് പതിച്ചുകൊടുക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

(ബി) നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് പുഴ പുറംപോക്ക് ഭൂമി പതിച്ചുനൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ പടന്ന, തൃക്കരിപ്പൂർ, വലിയപറമ്പ്, നീലേശ്വരം പഞ്ചായത്തുകളിലെ പുഴ പുറംപോക്ക് ഭൂമി പതിച്ചു കൊടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

താലൂക്ക് രൂപീകരണം

63 [163] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം, തൃക്കരിപ്പൂർ താലൂക്കുകൾ രൂപീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൻസ് ലാന്റ് റവന്യൂ കമ്മീഷണറെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭ്യമായതിനുശേഷം താലൂക്കുകളുടെ രൂപീകരണം എന്ന ആവശ്യം പരിഗണിക്കാനാവും.

റീസർവ്വേയുടെ പൂർത്തീകരണം

64 [164] *ശ്രീ. പി. കെ. കെ. ബാവ:*
,, *കളത്തിൽ അബ്ദുള്ള:*
,, *സി. മോയിൻകുട്ടി:*
,, *ടി. പി. എം. സാഹിർ:*
,, *ഇസ്മായിൽ കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ ജോലികൾ ആരംഭിച്ചിട്ട് എത്ര കാലമായി;

(ബി) ഇതിന്റെ ജോലി പൂർത്തിയാക്കാൻ എത്ര സമയമാണ് ഉദ്ദേശിക്കുന്നത്;

(സി) ഇപ്പോൾ റീസർവ്വേ ജോലി എത്രത്തോളമായിട്ടുണ്ട്;

(ഡി) ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്;

(ഇ) റീ-സർവ്വേ പൂർത്തിയാക്കുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്ത് കൂടുതൽ സ്റ്റാഫിനെ നിയമിച്ച് അടുത്ത ആറുമാസത്തിനുള്ളിൽ ഇതിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1966-ൽ റീസർവ്വേ ജോലികൾ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly